**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1336 — 08.02.2013 ൽ മറുപടിയ്ക്ക്

## സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളായി മാറ്റുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. എ.റ്റി. ജോർജ് ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും ആവശ്യത്തിന് സ്ഥല സൗകര്യമുള്ളതുമായ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകൾ ആക്കുന്നതിന് നടപടികളെടുത്തുവരുന്നു. |
| ബി) | ഇതിനുള്ള പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | നിലവിൽ 19 സൂപ്പർമാർക്കറ്റുകൾ. പീപ്പിൾസ് ബസാറുകളായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| സി) | ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ : | സി) | വൻകിട കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും കുറഞ്ഞ നിരക്കിൽ സാധാരണക്കാരായ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് പീപ്പിൾസ് ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനിക സൗകര്യങ്ങളായ ട്രോളികൾ. ആധുനിക റാക്കുകൾ എന്നിവയും അവശ്യ സാധനങ്ങൾക്ക് പുറമെ പച്ചക്കറി മറ്റ് ഉപഭോക്തൃതാൽപ്പര്യ ഉത്പന്നങ്ങൾ എന്നിവയും മേൽ വിൽപ്പനശാലകളിലൂടെ വിതരണം നടത്തുന്നുണ്ട്. ആയതിനാൽ എല്ലാ അവശ്യസാധനങ്ങളും മറ്റ് ഉൽപ്പന്നങ്ങളും കുറഞ്ഞ നിരക്കിൽ ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് വിൽപ്പനശാലകൾ വഴി ഒരു കുടക്കീഴിൽ വിതരണം ചെയ്യുക എന്നതാണ് പീപ്പിൾസ് ബസാറുകൾ വഴി ഉദ്ദേശിക്കുന്നത്. |
| ഡി) | എല്ലാ തരം നിത്യോപയോഗസാധനങ്ങളും പീപ്പിൾസ് ബസാറിൽ ലഭിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | ഡി) | ഇപ്പോൾ എല്ലാതരം നിത്യോപയോഗ സാധനങ്ങളും പീപ്പിൾസ് ബസാറിൽ ആവശ്യാനുസരണം ലഭ്യമാണ്. |

Beena

സെക്ഷൻ ഓഫീസർ